**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 150** **23-08-2022 - ൽ മറുപടിയ്ക്ക്**

**മാധ്യമപ്രവർത്തകനെ കാറിടിപ്പിച്ചു കൊലപ്പെടുത്തിയ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മാധ്യമപ്രവർത്തകൻ കെ എം ബഷീറിനെ കാറിടിപ്പിച്ചു കൊലപ്പെടുത്തി മൂന്നുവർഷം കഴിഞ്ഞിട്ടും കേസിന്റെ വിചാരണ നടപടികൾ നീട്ടിക്കൊണ്ടു പോകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | മാധ്യമ പ്രവർത്തകൻ കെ.എം. ബഷീർ കാറിടിച്ച് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി 31-01-2020 ൽ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി - III, തിരുവനന്തപുരം മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കേസ് ബഹു. കോടതിയുടെ പരിഗണനയിലാണ്. വിചാരണ നടപടികൾ നീട്ടിക്കൊണ്ടു പോകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കേസിലെ പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.<br>അപകടത്തെ തുടർന്ന് മരണപ്പെട്ട കെ.എം. ബഷീറിന്റെ കുടുംബത്തെ സഹായിക്കുന്നതിനായി, അദ്ദേഹത്തിന്റെ ഭാര്യക്ക് തിരൂർ മലയാളം സർവ്വകലാശാലയിൽ പ്രത്യേക തസ്തിക സൃഷ്ടിച്ച് അസിസ്റ്റന്റ് ആയി നിയമനം നൽകുകയുണ്ടായി. അതോടൊപ്പം കുടുംബത്തിനു 6 ലക്ഷം രൂപയുടെ ധനസഹായവും നൽകി. |
| (ബി) | പ്രസ്തുത കേസ് അതിവേഗം വിചാരണ നടത്തി കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; വ്യക്തമായ മറുപടി ലഭ്യമാക്കുമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ